പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 574** **13-10-2026-ൽ മറുപടിയ്ക്ക്**

**വൈദ്യുതി താരിഫ് പരിഷ്കരിക്കുന്നതിനുള്ള കരട് ചട്ടങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** 2027-31 കാലയളവിൽ താരിഫ് പരിഷ്കരിക്കുന്നതിനായി വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ കരട് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

**മറുപടി:** 2003-ലെ വൈദ്യുതി നിയമത്തിലെ വകുപ്പ് 61 പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകൾ, താരിഫ് നിർണ്ണയിക്കാനുള്ള നിബന്ധനകളും വ്യവസ്ഥകളും ഉൾക്കൊള്ളിച്ചുകൊണ്ട് റെഗുലേഷനുകൾ പുറപ്പെടുവിക്കുന്നുണ്ട്. നിലവിലുള്ള താരിഫ് റെഗുലേഷന്റെ കാലാവധി 31/03/2027- ൽ അവസാനിക്കും. 01/04/2027 മുതൽ ബാധകമായ താരിഫ് നിർണയ റെഗുലേഷൻസിന്റെ കരട് 24/08/2026-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതു തെളിവെടുപ്പ് അടക്കമുള്ള നടപടികൾ പൂർത്തീകരിച്ചെങ്കിലും അന്തിമ റെഗുലേഷൻ കമ്മീഷൻ പുറപ്പെടുവിച്ചിട്ടില്ല.

**(ബി)** കെ.എസ്.ഇ.ബി-യുടെ സാമ്പത്തിക ബാധ്യത ഉപഭോക്താക്കളിൽനിന്ന് ഈടാക്കുന്നതിനുള്ള നിർദേശം പ്രസ്തുത ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** കെ.എസ്.ഇ.ബി.എൽ-ന്റെ സാമ്പത്തിക ബാധ്യത ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കരട് റെഗുലേഷനിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, 2027-2032 കാലയളവിലേക്ക് കെ.എസ്.ഇ.ബി.എൽ ഉൾപ്പെടെയുള്ള വിവിധ ലൈസൻസികൾ തങ്ങളുടെ ചെലവിനങ്ങൾ എപ്രകാരമാണ് കണക്കാക്കേണ്ടതെന്നും, {വൈദ്യുതി വാങ്ങൽ ചെലവ്, പ്രവർത്തന പരിപാലന ചെലവ് (O& M Expenses) പലിശ ചെലവുകൾ (Interest & Finance Charges) തേയ്മാനചെലവുകൾ (Depreciation) മുതലായവ)}എന്നിവ യുക്തിസഹമായി അടുത്ത അഞ്ച് വർഷങ്ങളിൽ എപ്രകാരമാണ് താരിഫിലൂടെ ഈടാക്കേണ്ടതെന്നും, വൈദ്യുതി മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ എങ്ങനെയാണ് നടപ്പിലാക്കേണ്ടതെന്നും കരട് റെഗുലേഷനിൽ വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള വൈദ്യുതി തടസ്സങ്ങൾ ഇല്ലാതെ നൽകുന്നതിന് ഉത്പാദന-പ്രസരണ-വിതരണ മേഖലകളിൽ വികസന പ്രവർത്തനങ്ങൾ എപ്രകാരമാണ് തയ്യാറാക്കേണ്ടതെന്നും ആയതിന്റെ തുക എപ്രകാരമാണ് ചെലവിനത്തിൽ ഉൾപ്പെടുത്തേണ്ടതെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

**(സി)** രാത്രികാലത്ത് വൈദ്യുതിക്ക് കൂടുതൽ നിരക്ക് ഈടാക്കുന്നതിനുള്ള നിർദേശമുണ്ടോ; പീക്ക് സമയത്തെ വൈദ്യുതി ഉപയോഗം കുറയ്ക്കാൻ ലക്ഷ്യമിട്ടുള്ള ഈ നിർദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഉൽപാദന-പ്രസരണ-വിതരണ മേഖലകളിൽ അവശ്യം വേണ്ട മുതൽമുടക്ക് നടത്തുന്നതിനും (optimise the investments) വിവിധ സമയക്രമങ്ങളിലെ (time zone) ആവശ്യകതയും വിതരണവും കൂടി കണക്കിലെടുത്ത് കൂടുതൽ വിഭാഗം ഉപഭോക്താക്കൾക്ക് ടി.ഒ.ഡി താരിഫ് വ്യാപകമാക്കാനുള്ള നിർദ്ദേശങ്ങൾ താരിഫ് പെറ്റീഷനോടൊപ്പം ലൈസൻസി സമർപ്പിക്കണമെന്ന് താരിഫ് നിർണ്ണയ കരട് റെഗുലേഷൻ വ്യവസ്ഥ ചെയ്യുന്നു. ടി നിർദ്ദേശങ്ങളിൽ സോളാർ ഉൽപാദനമുള്ള സമയങ്ങളിലും വൈദ്യുതി ആവശ്യകത കുറവുള്ള മറ്റ് സമയങ്ങളിലും വൈദ്യുതി നിരക്കുകളിൽ ഇൻസെന്റീവ് അനുവദിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

പീക്ക് സമയത്തെ ഉപയോഗം കുറയ്ക്കുന്നതിനുള്ള കരട് നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്തിമ റെഗുലേഷൻ വിജ്ഞാപനം ചെയ്യുന്ന മുറയ്ക്ക് പീക്ക് സമയത്തെ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനുള്ള നിർദ്ദേശവും, പകൽ സമയത്ത് ഇൻസെന്റീവും, പീക്ക് സമയത്ത് അതിന് ആനുപാതികമായുള്ള വർദ്ധനവ് വരുത്തുന്നതിനുള്ള വ്യവസ്ഥകളും വ്യക്തമായി അപഗ്രഥിച്ച് ഉചിതമായ നിർദ്ദേശം കമ്മീഷൻ മുമ്പാകെ താരിഫ് പെറ്റീഷനോടൊപ്പം നൽകുവാൻ കെ.എസ്.ഇ.ബി.എൽ ഉദ്ദേശിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**